# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 453 | 29.01.2019 - ൽ മറുപടിക്ക് |
|---|---|

## ജി.എസ്.ടി യിലെ നികുതിയിളവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വി.ടി.ബൽറാം<br>ശ്രീ. അടൂർ പ്രകാശ്<br>ശ്രീ. റോജി എം. ജോൺ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കിയ ശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വന്നിട്ടുള്ള വ്യത്യാസം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരളത്തിന്റെ വാറ്റ് നികുതി പിരിവിന്റെ സിംഹഭാഗവും 14.5%മോ അതിനുമുകളിലോ നികുതി വിധേയമായ സാധനങ്ങളിൽ നിന്നുമാണ് ലഭ്യമായിരുന്നത്. ഇതിൽ ഭൂരിഭാഗത്തിന്റെയും നികുതിനിരക്ക് സംസ്ഥാന ജി.എസ്.ടി.യിൽ 14% ശതമാനമായി നിശ്ചയിച്ചിരുന്നത് ജി.എസ്.ടി.കൗൺസിൽ 9%, 6% എന്നീ നികുതിനിരക്കുകളിലേക്ക് കുറവ് ചെയ്യുകയുണ്ടായി. ഇത് സംസ്ഥാനം പ്രതീക്ഷിച്ച നികുതിപിരിവ് സാധ്യമാകാത്തതിനുള്ള പ്രധാനകാരണങ്ങളിലൊന്നാണ്. കൂടാതെ, അന്യ സംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന സാധനങ്ങളിൽ നൽകിയ ഐ.ജി.എസ്.ടി, എസ്.ജി.എസ്.ടി അടയ്ക്കുന്നതിലേക്ക് തട്ടിക്കഴിക്കുന്നതിലെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി റിട്ടേൺ പൂർണ്ണമാകാത്തതിനാൽ യഥാസമയം ലഭ്യമാകുന്നില്ല. ഇതും നികുതിപിരിവിനെ ഒരു പരിധി വരെ ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് വാറ്റ് നികുതിപിരിവുമായി താരതമ്യം ചെയ്യുമ്പോൾ നികുതി പിരിവിൽ |

| | | | |
|---|---|---|---|
| | | | പ്രതീക്ഷിത വർദ്ധനവ് ഉണ്ടായിട്ടില്ല. എന്നാലും 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ വാർഷിക 14% വർദ്ധനവ് കണക്കാക്കി നികുതി പിരിവിലുണ്ടാകുന്ന കുറവ് കേന്ദ്ര സർക്കാർ നഷ്ടപരിഹാരമായി നൽകുന്നുണ്ട്. |
| (ബി) | പ്രസ്തുത നികുതി നടപ്പിലാക്കിയതിനെ തുടർന്ന് നികുതി നിരക്കുകളിൽ വന്ന കുറവ് ജനങ്ങൾക്ക് കൈമാറാതെ വ്യാപാരികൾ അമിത ലാഭം കൊയ്യുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി), (സി) & (ഡി) | ആന്റിപ്രോഫിറ്റീയറിംഗ് നിയമപ്രകാരം പരാതികൾ വലിയ തോതിൽ പൊതുജനങ്ങളിൽ നിന്ന് ലഭിച്ചിട്ടില്ലെങ്കിലും സംസ്ഥാന ചരക്കുസേവനനികുതി വകുപ്പ് ഈ വിഷയത്തിൽ സംസ്ഥാനമൊട്ടാകെ സർവ്വെ നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി രണ്ട് ഘട്ടങ്ങളിലായി (ആദ്യഘട്ടം ജി.എസ്.ടി ക്ക മുമ്പും ജി.എസ്.ടി നടപ്പിൽ വന്നതിനുശേഷവും, രണ്ടാംഘട്ടത്തിൽ ജി.എസ്.ടി നിലവിൽ വന്നതിന് ശേഷം നികുതിനിരക്കിൽ കുറവ് വരുന്നതിനുമുമ്പും കുറവ് വന്നതിനുശേഷവും) നിത്യോപയോഗ സാധനങ്ങളുടെയും മറ്റുചരക്കുകളുടെയും വിലനിലവാരത്തിൽ ഉണ്ടായ വ്യത്യാസം പരിശോധിക്കുകയും, ജി.എസ്.ടി നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്തവരുടെ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതിന്മേലുള്ള കണക്ക് പരിശോധനയും തെളിവെടുപ്പുകളും പുരോഗമിച്ചുവരുകയാണ്. |
| (സി) | ഇപ്രകാരം അമിത വില ഈടാക്കിയതിന്റെ പേരിൽ വ്യാപാരികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | | |
| (ഡി) | അമിതലാഭമെടുപ്പ് തടയുന്നതിനായി കൊണ്ടുവന്ന ആന്റി പ്രോഫിറ്റിയറിംഗ് സംവിധാനം സംസ്ഥാനത്ത് വിജയപ്രദമാണോ; | | |
| (ഇ) | നികുതിയിളവ് പൊതുവിപണിയിൽ പ്രതിഫലിക്കുന്നുണ്ടെന്ന് പരിശോധിക്കുവാൻ നിലവിൽ എന്ത് സംവിധാനമാണ് ഉള്ളതെന്ന് അറിയിക്കുമോ | (ഇ) | നികുതിയിളവുമായി ബന്ധപ്പെട്ട ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറിയില്ലെങ്കിൽ അവർക്ക് ഇതിനെപ്പറ്റിയുള്ള പരാതി സംസ്ഥാനതല സ്ക്രീനിംഗ് കമ്മിറ്റിക്ക് തെളിവുകളുടെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | നൽകാവുന്ന സംവിധാനമാണ് ജി.എസ്.ടി നിയമത്തിൽ നിലവിലുള്ളത്. ഇത്തരം പരാതികളിൽ പ്രാഥമിക പരിശോധന സ്ക്രീനിംഗ് കമ്മിറ്റി നടത്തുകയും ഇതിൽ പ്രഥമദൃഷ്ട്യാ തെളിവുള്ള കേസ്സുകൾ കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. കേരളത്തിൽ, ഉപഭോക്താക്കളിൽ നിന്നും ഇത്തരം പരാതികൾ ലഭ്യമാകാത്ത സാഹചര്യത്തിൽ സംസ്ഥാനചരക്കുസേവനനികുതി വകുപ്പ് മുൻകൈയെടുത്ത് ജി.എസ്.ടി ക്ക് മുമ്പും പിമ്പുമുള്ള വിലകൾ നികുതിനിരക്കുകൂടി പരിഗണിച്ച് ശേഖരിക്കുകയും ഇതിൽ പ്രഥമദൃഷ്ട്യാ കേസ്സുണ്ടെന്ന് ബോധ്യപ്പെട്ടവ കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (എഫ്) | കോഴിയിറച്ചിക്കുണ്ടായിരുന്ന നികുതി പൂർണ്ണമായി ഒഴിവാക്കിയിട്ടും ഭക്ഷ്യ എണ്ണകളുടെ നികുതി അഞ്ച് ശതമാനമായി നിജപ്പെടുത്തിയിട്ടും ഇപ്പോഴും അവയുടെ വില വർദ്ധിക്കുന്നതിനുള്ള സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ? | (എഫ്) | ജി.എസ്.ടി നിലവിൽ വന്നശേഷം കോഴിയും കോഴി ഇറച്ചിയും നികുതിവിമുക്തമാണ്. ചരക്ക സേവന നികുതി നടപ്പിലാക്കുന്നതിന് മുൻപും ഭക്ഷ്യ എണ്ണകളുടെ നികുതി അഞ്ച് ശതമാനം ആയിരുന്നു. ആയതിനാൽ കോഴിയുടെ/ ഭക്ഷ്യ എണ്ണയുടെ മാർക്കറ്റ് വില നിശ്ചയിക്കുന്നതിൽ നികുതി ഒരു ഘടകമല്ല. മാർക്കറ്റിൽ ചരക്കുകളുടെ ലഭ്യതയും ആവശ്യകതയുമാണ് വില നിശ്ചയിക്കുന്നതിൽ പ്രധാന ഘടകം. |

**സെക്ഷൻ ഓഫീസർ**